"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് - സ്വകാര്യ മത്സ്യ മാർക്കറ്റിന് ലൈസൻസ് നൽകുന്നത്-WP(C)No.40367/2023- 26.07.2024-ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1775/2024/LSGD തീയതി,തിരുവനന്തപുരം, 26-09-2024

പരാമർശം:-

1. കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 31.07.2023-ലെ 7(1) നമ്പർ തീരുമാനം.
2. കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 05.08.2023 തീയ്യതിയിലെ 1(1)-ാം നമ്പർ തീരുമാനം.
3. 14.08.2023-ലെ ആർ.സി3/438/2023/തസ്വഭവ നമ്പർ സർക്കാർ കത്ത്.
4. 22.11.2023-ലെ ആർ.സി3/438/2023/തസ്വഭവ നമ്പർ സർക്കാർ കത്ത്.
5. ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.40367/2023 നമ്പർ കേസിലെ 26.07.2024-ലെ വിധിന്യായം.
6. ശ്രീ.പി.കെ.ഫൈസൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽചെയ്ത Con.Case(C )No.2445/2024.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിലെ വട്ടമ്പലത്ത് പി.കെ ഫിഷ് മാർക്കറ്റ് എന്ന പേരിൽ ഒരു സ്വകാര്യ മത്സ്യ മാർക്കറ്റ് ആരംഭിക്കുന്നതിന് ശ്രീ.റഫി എം.കെ, മരക്കടവിൽ ഹൗസ് എന്നയാൾ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വ്യവസ്ഥകൾ എല്ലാം തന്നെ പാലിച്ചുകൊണ്ട് നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനാൽ അപേക്ഷയുടെ അന്തിമതീർപ്പിനായി ഭരണസമിതിയുടെ പരിഗണനയ്ക്ക് അജണ്ടയിൽ ഉൾപ്പെടുത്തുകയും എന്നാൽ പ്രസ്തുത ലൈസൻസ് അപേക്ഷ തള്ളിക്കളയാൻ 31.07.2023-ലെ 7(1) നമ്പരായി പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുള്ളതാണ്. ഫിഷ് മാർക്കറ്റിന് പ്രവർത്തനാനുമതി നൽകുന്ന പക്ഷം പ്രദേശത്തെ വിശ്വാസി സമൂഹത്തിന്റെ വിശ്വാസങ്ങൾക്ക് കോട്ടം തട്ടുവാൻ ഇടയുണ്ടെന്നും ആയത് സംഘർഷങ്ങളിലേക്കും ക്രമസമാധാന പ്രശ്നങ്ങളിലേക്കും നയിക്കാനിടയുണ്ടെന്നുമാണ് ഇതിന് ആധാരമായി ഭരണസമിതി നിരീക്ഷിച്ചിട്ടുള്ളത്. എന്നാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും ) ചട്ടങ്ങളിലെ വകുപ്പുകളിൽ പറയുന്ന വ്യവസ്ഥളെല്ലാം അപേക്ഷകൻ പാലിച്ചിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് സെക്രട്ടറി ലൈസൻസ് അപേക്ഷ തള്ളിക്കളയാനുള്ള തീരുമാനത്തിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും തുടർന്ന് ഈ വിഷയം പഞ്ചായത്ത്

ഭരണസമിതി യോഗം വീണ്ടും അജണ്ടയിലുൾപ്പെടുത്തി ചർച്ചയ്ക്കെടുക്കുകയും 05.08.2023 തീയ്യതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം, അപേക്ഷ നിരസിക്കുവാനുള്ള മുൻ തീരുമാനത്തിൽ തന്നെ ഉറച്ച് നിൽക്കുകയും ചെയ്തിട്ടുള്ളതാണ് .

2) ഭരണസമിതി തീരുമാനങ്ങൾ നിയമാനുസൃതമല്ല എന്ന് പഞ്ചായത്ത്സെക്രട്ടറി അഭിപ്രായപ്പെട്ട സാഹചര്യത്തിൽ ടി വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ടി സാഹചര്യത്തിൽ പരാമർശം 1-ഉം 2-ഉം തീരുമാനങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത് സർക്കാരിൽ നിന്നൊരു നിർദ്ദേശം ഉണ്ടാകുന്നത് വരെ നിർത്തിവയ്ക്കാൻ സെക്രട്ടറിയോട് ആവശ്യപ്പെടുകയുണ്ടായി. ടി വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ, പ്രസ്തുത സ്ഥലത്ത് മത്സ്യ മാർക്കറ്റ് സ്ഥാപിച്ചാൽ തൊട്ടടുത്തുള്ള ആരാധനാലയത്തിൽ എത്തുന്ന ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാൻ സാധ്യതയുണ്ടെന്നും, കൂടാതെ പ്രദേശത്തെ വിശ്വാസിസമൂഹത്തിന്റെ എതിർപ്പിന് കാരണമാവുകയും ആയത് സംഘർഷങ്ങളിലേക്കും ക്രമസമാധാന പ്രശ്നങ്ങളിലേക്കും നയിക്കാൻ സാഹചര്യമുണ്ടാകുമെന്നും ആയതിനാൽ മത്സ്യ മാർക്കറ്റിന് ലൈസൻസ് അനുവദിക്കേണ്ടതില്ലെന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനം അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

3) പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.റഫി എം.കെ മരക്കടവിൽ എന്നയാൾക്ക് മത്സ്യമാർക്കറ്റിന് ലൈസൻസ് അനുവദിക്കേണ്ടതില്ല എന്ന ഗ്രാമപഞ്ചായത്ത് തീരുമാനം അംഗീകരിച്ചുകൊണ്ട് കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ പരാമർശം 4 പ്രകാരം (Ext P12) അറിയിക്കുകയുണ്ടായി.

4) ടി തീരുമാനത്തിനെതിരെ ശ്രീ.പി.കെ.ഫൈസൽ, ശ്രീ.റഫി എം.കെ. എന്നിവർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C)No.40367/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ 26.07.2024-ൽ ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിൽ Ext P12 റദ്ദാക്കുകയും 26/07/2024 ലെ വിധിന്യായത്തിലെ ബഹു. കോടതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലും, അപേക്ഷ തള്ളിക്കളയുന്നതിന് പഞ്ചായത്ത് ഭരണസമിതി കണ്ടെത്തിയ കാരണങ്ങൾ പ്രത്യേകം പരിശോധിച്ചും ടി വിഷയം പരിഗണിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

5) വിധിന്യായം നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി കുമരംപുത്തൂർ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ലാ ഓഫീസർ എന്നിവരുമായി 19.09.2024 ന് ഓൺലൈൻ ഹിയറിംഗ് നടത്തുകയുണ്ടായി

6) ബഹു.ഹൈക്കോടതിയുടെ പരാമർശം 5 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ഹിയറിംഗിൽ ലഭ്യമായ വിവരങ്ങൾ, ഇത് സംബന്ധിച്ച് ലഭിച്ച റിപ്പോർട്ടുകൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു.

7) പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് പ്രസ്തുത മത്സ്യ മാർക്കറ്റിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നതെന്ന് കാണുന്നു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തന അനുമതി, വാടക കരാർ, കെട്ടിടത്തിന്റെ വസ്തുനികുതി ഒടുക്കിയ രസീത് എന്നിവയെല്ലാം അപേക്ഷകൻ ഗ്രാമപഞ്ചായത്തിൽ ലൈസൻസിനായിട്ടുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സമീപത്തുള്ള ക്ഷേത്രവും നിർദിഷ്ട മാർക്കറ്റും തമ്മിൽ നിശ്ചിത ദൂര പരിധി പാലിക്കുന്നതായി LSGD അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. മാർക്കറ്റ് തുടങ്ങുന്ന സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചട്ടപ്രകാരമുള്ള എല്ലാ രേഖകളും അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിൽ, ഭാവിയിൽ ക്രമസമാധാന പ്രശ്നമുണ്ടാകാൻ ഇടയുണ്ടെന്ന അനുമാനത്തിൽ മാത്രം ലൈസൻസ് അപേക്ഷ നിരസിച്ച ഗ്രാമ പഞ്ചായത്ത് തീരുമാനം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

8) ഭാവിയിലും മത്സ്യമാർക്കറ്റിന്റെ പ്രവർത്തനത്തിന്മേൽ പഞ്ചായത്ത് സെക്രട്ടറിയുടെ കൃത്യമായ നിരീക്ഷണം ഉറപ്പാക്കി, വ്യവസ്ഥകൾ ലംഘിച്ചാൽ ചട്ടപ്രകാരം ലൈസൻസ് റദ്ദ് ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി, മത്സ്യ മാർക്കറ്റ് തുടങ്ങുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട് WP(C) No.40367/2023 മേലുള്ള 26.07.2024 ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് മുഖേന).
സെക്രട്ടറി,കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം, മണ്ണാർക്കാട് കോളേജ് (പോസ്റ്റ്), പാലക്കാട് ജില്ല- 678 583.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ് II),കേരള,തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പിആർഡി(വെബ് &ന്യൂമീഡിയ),തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർസി3/698/2023/തസ്വഭവ).

ഉത്തരവിൻ പ്രകാരം

Signed by സെക്ഷൻ ഓഫീസർ

Pradeesh M.

Date: 26-09-2024 15:24:37